...

JUBILEE MISSION
MEDICAL COLLEGE & RESEARCH INSTITUTE
Service With Love
Jubilee Mission P.O., East Fort,Thrissur - 680005, Kerala, India

04.06.2026

# തൃശൂർ പൂരം പ്രദർശനത്തിൽ ജൂബിലി മിഷൻ പവിലിയന് ഒന്നാം സ്ഥാനം

തൃശൂർ: **2026** ലെ തൃശൂർ പൂരം പ്രദർശനത്തിൽ ആരോഗ്യ ബോധവൽക്കരണത്തിനും ജനപങ്കാളിത്ത പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകി ഒരുക്കിയ പവിലിയന് ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഒന്നാം സമ്മാനം നേടി.

കേന്ദ്ര മന്ത്രി ശ്രീ. സുരേഷ് ഗോപി, അഡ്വ. ഒ. ജെ. ജനീഷ്, കേരള സർക്കാർ കായിക-യുവജനകാര്യ മന്ത്രി എന്നിവർ ചേർന്നാണ് ജൂബിലി മിഷൻ പ്രതിനിധി കൾക്ക് പുരസ്കാരം സമ്മാനിച്ചത്.

ഈ വർഷം ജൂബിലി മിഷന്റെ പവിലിയനിലൂടെ ജീവിതശൈലി രോഗങ്ങളെക്കുറിച്ചുള്ള അവബോധം, ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ വിഭാഗത്തേക്കുറിച്ചുള്ള അവബോധവും, രോഗ നിർണയവും ചികിത്സാ മാർഗങ്ങളും സംബന്ധിച്ച വിവരങ്ങൾ, ബേസിക് ലൈഫ് സപ്പോർട്ട് (BLS) പരിശീലനം, മുതിർന്നവർക്കായുള്ള ആരോഗ്യപരിപാലന നിർദേശങ്ങൾ എന്നിവ പൊതുജനങ്ങൾക്ക് പരിചയപ്പെടുത്തുകയുണ്ടായി. പവിലിയൻ സന്ദർശിച്ച ആയിരക്കണക്കിന് ആളുകൾക്ക് ആരോഗ്യ സംരക്ഷണവുമായി ബന്ധപ്പെട്ട പ്രായോഗിക അറിവുകൾ നൽകുന്നതിൽ ഈ പ്രവർത്തനങ്ങൾ ശ്രദ്ധേയമായി.

ജൂബിലി മിഷനെ പ്രതിനിധീകരിച്ച് ഡോ. രഞ്ജിത് എസ്. (പ്രൊഫസർ, അനാട്ടമി വകുപ്പ്), ഡോ. ജോബിൻസ് ജോസ്, ഡോ. തോംസൺ സി. ഡി., ഡോ. ഫ്രാങ്കോ ജോണി (കമ്മ്യൂണിറ്റി മെഡിസിൻ വകുപ്പ്), പ്രൊജക്റ്റ് മാനേജ്മെന്റ് ഓഫീസർ സിറിൻ ചെറിയൻ എന്നിവർ പുരസ്കാരം ഏറ്റുവാങ്ങി.

ഈ നേട്ടത്തിന് നേതൃത്വം നൽകിയ സംഘാംഗങ്ങളെ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുര്യൻ അഭിനന്ദിക്കുകയും, സമൂഹാരോഗ്യ ബോധവൽക്കരണ പ്രവർത്തന ങ്ങളിൽ ജൂബിലി മിഷൻ തുടർന്നും സജീവമായി ഇടപെടുമെന്ന് അറിയിക്കുകയും ചെയ്തു.